**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 207** **23-01-2025 - ൽ മറുപടിയ്ക്ക്**

**ലേബർ റൂമിന്റെയും ഗൈനക്കോളജി വാർഡിന്റെയും നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോന്നി മണ്ഡലത്തിലെ കോന്നി ഗവ. മെഡിക്കൽ കോളേജ്, കോന്നി താലൂക്ക് ആശുപത്രി എന്നിവിടങ്ങളിലെ ലക്ഷ്യ നിലവാരത്തിലുള്ള ലേബർ റൂമിന്റെയും ഗൈനക്കോളജി വാർഡിന്റെയും നിലവിലെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | ലക്ഷ്യ നിലവാരത്തിലുള്ള ഗൈനക്കോളജി വിഭാഗം ഓ.പി, ലേബർ റൂം, ഓപ്പറേഷൻ തീയേറ്റർ എന്നിവയുടെ നിർമ്മാണ പ്രവർത്തനം കോന്നി ഗവ. മെഡിക്കൽ കോളേജിൽ 2023 സെപ്റ്റംബറിൽ ആരംഭിച്ചു. ടി പദ്ധതി പ്രകാരം ലേബർ റൂമിന്റെയും ഗൈനക്കോളജി വാർഡിന്റെയും ഡി.പി.ആർ പ്രകാരമുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. 2025 ജനുവരി മാസം അവസാനത്തോടുകൂടി പ്രവർത്തനം ആരംഭിക്കുന്ന തരത്തിലുള്ള നടപടികൾ നടത്തി വരുന്നു.<br><br>കോന്നി താലൂക്ക് ആശുപത്രിയിലെ ലക്ഷ്യ നിലവാരത്തിലുള്ള ലേബർ റൂം, ഗൈനക്കോളജി ഒ.പി എന്നിവയുടെ ഫ്ലോറിലെ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. 2025 ഫെബ്രുവരി മാസം അവസാനത്തോടുകൂടി പ്രവൃത്തി പൂർത്തീകരിക്കുന്ന തരത്തിലുള്ള നടപടികൾ നടത്തി വരുന്നു. |
| (ബി) | കോന്നി താലൂക്ക് ആശുപത്രിയിലെ കണ്ണ് ഓപ്പറേഷൻ തീയറ്ററിന്റെയും ഡയാലിസിസ് യൂണിറ്റിന്റെയും നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (ബി) | നിലവിൽ കണ്ണ് ഓപ്പറേഷൻ തിയറ്റേർ വരേണ്ട കെട്ടിടത്തിൽ ഒ.പി - യും ഡയാലിസിസ് യൂണിറ്റ് വരേണ്ട സ്ഥലത്ത് ക്യാഷ്വാലിറ്റിയും പ്രവർത്തിച്ചു വരികയാണ്. ഒ.പി.നവീകരണം നടക്കുന്ന കെട്ടിടത്തിന്റെ പണികൾ 80% പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിക് വർക്കുകളുടെ ടെണ്ടർ നടപടികൾ ആയതിന് ശേഷം ഒ.പി. ഷിഫ്റ്റിംഗ് നടന്നു കഴിഞ്ഞാൽ മാത്രമേ കണ്ണ് ഓപ്പറേഷൻ തീയറ്ററിനായി തീരുമാനിച്ചിരിക്കുന്ന സ്ഥലം കൈമാറാൻ കഴിയുകയുള്ളൂ. ഡയാലിസിസ് യൂണിറ്റിന്റെ നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കോന്നി മണ്ഡലത്തിൽ നിർമ്മാണത്തിലിരിക്കുന്ന കൂടൽ, മലയാലപ്പുഴ, മൈലപ്ര, കൊക്കാത്തോട്, വള്ളിക്കോട് എന്നീ ആരോഗ്യ കേന്ദ്രങ്ങളുടെയും | (സി) | 2021 ൽ കോന്നി സർക്കാർ മെഡിക്കൽ കോളേജിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ചു. രണ്ടാം ഘട്ട നിർമ്മാണ |

| | | | |
|---|---|---|---|
| | ചിറ്റാർ സി.എച്ച്.സി, കോന്നി താലൂക്ക് ആശുപത്രി, കോന്നി ഗവ.മെഡിക്കൽ കോളേജ് എന്നിവയുടെയും നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ? | | പ്രവർത്തനങ്ങൾക്കായി സർക്കാർ ഉത്തരവ് ജി.ഓ (അർ.റ്റി) നമ്പർ 1352/2019/ആ.കു.വ തിയതി 05.06.2019 പ്രകാരം 351.72 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. നിർമ്മാണ ഏജൻസിയായി 'ഹൈറ്റ്സിനെ' ചുമതലപ്പെടുത്തിയിരുന്നു. ബോയ്സ് ഹോസ്റ്റൽ, ഗേൾസ് ഹോസ്റ്റൽ, ടൈപ്പ് എ. ടൈപ്പ് ബി, ടൈപ്പ് സി, ടൈപ്പ് ഡി ക്വാർട്ടേഴ്സുകൾ. ഡീൻ വില്ല, അക്കാദമിക്ക് ബ്ലോക്ക്, ഹോസ്പ്പിറ്റൽ ബിൽഡിംഗ്, ഓഡിറ്റോറിയം, ഓട്ടോപ്സി, ലോണ്ട്രി, പ്ലേ ഗ്രൗണ്ട്, ഇന്റേർണൽ റോഡ്സ്, വാക്ക് വെ, ഇ.റ്റി.പി എന്നീ പദ്ധതികളാണ് കോന്നി മെഡിക്കൽ കോളേജിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങളിൽ ഉൾപ്പെട്ടിരുന്നത്. മേൽ നിർമ്മാണ പ്രവൃത്തികളിൽ ബോയ്സ് ഹോസ്റ്റൽ, ഗേൾസ് ഹോസ്റ്റൽ, ഡീൻ വില്ല. ടൈപ്പ് ബി & ടൈപ്പ് സി ക്വാർട്ടേഴ്സുകൾ, മോർച്ചറി എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു. അക്കാദമിക്ക് ബ്ലോക്ക് IIന്റെ നിർമ്മാണം ഉടൻ പൂർത്തീകരിക്കാനാകും എന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ 31/03/2025 ന ലോണ്ട്രിയുടെ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കാനാകുമെന്നും പ്രതീക്ഷിക്കുന്നു. എസ്.റ്റി.പി. യുടെ നിർമ്മാണം 30/06/2025 ൽ പൂർത്തീകരിക്കാനാകുമെന്നും പ്രതീക്ഷിക്കുന്നു. ടൈപ്പ് എ & ടൈപ്പ് സി ക്വാർട്ടേഴ്സുകൾ, ഓഡിറ്റോറിയം, ഹോസ്പ്പിറ്റൽ ബ്ലോക്ക് II എന്നിവയുടെ നിർമ്മാണം 30/09/2025 ൽ പൂർത്തീകരിക്കാനാകുമെന്നും പ്രതീക്ഷിക്കുന്നു.<br><br>കൂടൽ കുടുംബാരോഗ്യ കേന്ദ്രത്തിൽ രണ്ട് കെട്ടിടങ്ങൾ നിർമ്മാണത്തിലിരിക്കുന്നു. എൽ.എസ്.ജി.ഡി മുഖേന നിർമ്മിക്കുന്ന പുതിയ ഓ.പി ബ്ലോക്കിന്റെ താഴത്തെ നിലയുടെ നിർമ്മാണം പൂർത്തിയായി. ഒന്നാം നിലയുടെ നിർമ്മാണം 85% പൂർത്തീകരിച്ചിട്ടുണ്ട്. പി.ഡബ്ല്യു.ഡി മുഖേന നബാർഡ് ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന പുതിയ ബ്ലോക്കിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. പൈലിംഗ് വർക്കുകൾ പൂർത്തീകരിച്ച് പില്ലർ കോൺക്രീറ്റിംഗ് ജോലികൾ ആരംഭിച്ചിട്ടുണ്ട്.<br><br>മലയാലപ്പുഴ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പി.ഡബ്ല്യു.ഡി മുഖേന നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ നിർമ്മാണം 70% പൂർത്തീകരിച്ചിട്ടുണ്ട്. മെയിൻ സ്ട്രക്ചർ പൂർത്തിയായിട്ടുണ്ട്. പ്ലാസ്റ്ററിംഗ്, വയറിംഗ് എന്നിവ തുടങ്ങാനുണ്ട്.<br><br>മൈലപ്ര കുടുംബാരോഗ്യ കേന്ദ്രത്തിൽ എൻ.എച്ച്.എം ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന പുതിയ ഓ.പി |

| | | | |
|---|---|---|---|
| | | | ബ്ലോക്കിന്റെ 30% പൂർത്തീകരിച്ചിട്ടുണ്ട്. ഫൗണ്ടേഷൻ വർക്കുകൾ പുരോഗമിച്ചു വരുന്നു.<br><br>കൊക്കാത്തോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ എൻ.എച്ച്.എം ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന പുതിയ ഓ.പി ബ്ലോക്കിന്റെ 30% പൂർത്തീകരിച്ചിട്ടുണ്ട്.<br><br>വള്ളിക്കോട് കുടുംബാരോഗ്യ കേന്ദ്രത്തിൽ പി.ഡബ്ല്യു.ഡി മുഖേന നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ സിവിൽ വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി കണക്ഷൻ മാറ്റി സ്ഥാപിക്കുക, എൻട്രൻസ് വർക്കുകൾ എന്നിവ പൂർത്തീകരിക്കാനുണ്ട്.<br><br>ചിറ്റാർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ പി.ഡബ്ല്യു.ഡി മുഖേന നിർമ്മിക്കുന്ന പുതിയ ഒ.പി കെട്ടിടത്തിന്റെ നിർമ്മാണം 30% പൂർത്തീകരിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ താഴത്തെ നിലയുടെ 90% ജോലികളും പൂർത്തിയായിട്ടുണ്ട്. പാർട്ടീഷൻ വർക്കുകൾ പൂർത്തിയാക്കാൻ ബാക്കിയുണ്ട്.<br><br>കോന്നി താലൂക്ക് ആസ്ഥാന ആശുപത്രിയുടെ കെട്ടിടത്തിന്റെ 94% പണികളും പൂർത്തീകരിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ സ്റ്റെയർ കേസ്, ടൈൽ വർക്ക് പുരോഗമിച്ചു വരുന്നു. 2025 മാർച്ച് മാസം പ്രവൃത്തി പൂർത്തീകരിക്കുന്ന തരത്തിലുള്ള നടപടികൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ